പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം ആരംഭിച്ച ഹോമിയോ ഹെൽത്ത് സെന്ററുകൾ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. 2011-12-നുശേഷം പുതിയ ഹോമിയോ ഹെൽത്ത് സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) 1. ഹോമിയോ ചികിത്സ രോഗികളായ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

2. പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുക.

3. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുക.

4. മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് അവബോധം, ചികിത്സ എന്നിവ നൽകൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

(സി) 2011-12 സാമ്പത്തികവർഷം ഹോമിയോപ്പതി ഡയറക്ടർ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി 165.93 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത വർഷം ഹോമിയോ ഹെൽത്ത് സെന്ററുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും 35.96 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 വർഷം പ്രസ്തുത ഹോമിയോ ഹെൽത്ത് സെന്ററുകളുടെ തുടർച്ചയ്ക്കായി 189.08 ലക്ഷം രൂപയും, 2014-15 വർഷം 206.48 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2015-16 വർഷം പ്രസ്തുത സെന്ററുകളുടെ തുടർച്ചയ്ക്കായി 206.48 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോളർഷിപ്പ്

252 (2532) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ബി.ടെക്,എം.ടെക്, എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകുന്ന സ്കോളർഷിപ്പുകളും ധനസഹായങ്ങളും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി.ടെക്, എം.ടെക്, എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകുന്ന ധനസഹായങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ലംപ്സംഗ്രാന്റ്
2. സ്റ്റൈപ്പന്റ്
3. ട്യൂഷൻ ഫീസ് (സർക്കാർ അംഗീകരിച്ചത്)
4. സ്പെഷ്യൽ ഫീസ്
5. പരീക്ഷാഫീസ്
6. യഥാർത്ഥ ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജ്ജ് (ABLC) പ്രാരംഭ ചെലവ് (വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക്)

   എം.ബി.ബി.എസ് - 10,000 രൂപ

   ബി.ടെക് - 5,000 രൂപ
7. സ്റ്റെതസ്കോപ്പ് വാങ്ങൽ :

   എം.ബി.ബി.എസ് (ഒന്നാം വർഷം)

   പരമാവധി - 5800 രൂപ
8. ലാപ്ടോപ്പ് വാങ്ങൽ :

   ബി.ടെക്, എം.ടെക്

   പരമാവധി - 25,000 രൂപ

പട്ടികജാതി കുടുംബങ്ങൾക്ക് കാളകളെ വിതരണം ചെയ്യുന്നതിന് പദ്ധതി

253 (2533) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് കാളകളെ വിതരണം ചെയ്യുവെന്നും ഈ പദ്ധതിക്കായി പട്ടികജാതി വകുപ്പ് എന്ത് തുക നീക്കിവച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

GPM. 2/236/2020-46